
**Athmaraksha.org**

പോർനാഗ്രഫി, ദുഷ്ട കൂട്ടുകെട്ടുകൾ

## പ്രേമ ബന്ധനങ്ങൾ - കടപ്പാട്: റവ.ഫാ.ഡേവിസ് പട്ടത്ത്




### സ്നേഹം എന്ത്? പ്രേമം എന്ത്?

സ്നേഹബന്ധങ്ങൾ പ്രേമബന്ധമായി അധഃപതിക്കരുത്. ബന്ധങ്ങൾ ബന്ധനങ്ങളാകരുത്. സ്നേഹബന്ധം ദൈവീകമാണ്. ഈ ദൈവീകമായ സ്നേഹബന്ധത്തെ നശിപ്പിക്കാൻ പിശാച് വിതയ്ക്കുന്ന തിന്മയുടെ വിത്താണ് പ്രേമം. എല്ലാ വികാരങ്ങളെയും വിവേകത്താൽ നിയന്ത്രിക്കുക....നയിക്കുക...

| സ്നേഹം എന്ത്? | പ്രേമം എന്ത്? |
|---|---|
| സ്നേഹം ദൈവീകമാണ് | പ്രേമം മാനുഷികമാണ് |
| സ്നേഹം സ്വർഗ്ഗീയമാണ് | പ്രേമം പൈശാകിമാകാം(അതുകൊണ്ടാണല്ലോ പ്രേമനൈരാശ്യത്തിൽ കാമുകി കാമുകന്മാർ വിഷം കടിക്കുന്നതും ആത്മഹത്യ ചെയ്യുന്നതും) |
| സ്നേഹം ബന്ധങ്ങളെ ശക്തിപ്പെടുത്തുന്നു. | പ്രേമം ബന്ധങ്ങൾ തർക്കുന്നു.(മാതാപിതാക്കളുമായുള്ള ബന്ധം, ദൈവവുമായുള്ള ബന്ധം, മറ്റു കൂട്ടുകാരുമായുള്ള ബന്ധം, പഠനവുമായുള്ള ബന്ധം) |
| സ്നേഹം ധൈര്യം നൽകുന്നു | പ്രേമം ഭയം ജനിപ്പിക്കുന്നു. (ആരെങ്കിലും അറിയുമോ, പ്രേമം വിജയിപ്പിക്കുമോ, ചതിക്കുമോ.) |
| സ്നേഹം ഹൃദയത്തിലെ ദൈവാരാധനയാണ്. | പ്രേമം ഹൃദയം കൊണ്ടുള്ള വ്യഭിചാരമാണ്. |
| സ്നേഹം ദൈവിക പദ്ധതികൾ നടപ്പിലാക്കുന്നു. | പ്രേമം സ്വന്തം പദ്ധതികൾ നടപ്പിലാക്കുന്നു. |
| സ്നഹം പ്രത്യാശയിൽ നിലനിൽക്കുന്നു. | പ്രേമം നിരാശയിൽ അവസാനിക്കുന്നു. |
| സ്നേഹം വിവേകമാണ്. | പ്രേമം വികാരമാണ്. (ഒരു തരം ഭ്രമമാണത്. ഒരു തരം ഇഷ്ടമാണത്. ഇഷ്ടങ്ങൾ അവസാനിക്കും.) |
| സ്നേഹം സ്വാതന്ത്ര്യമാണ്. | പ്രേമം അടിമത്വമാണ്. (കുറ്റിയിൽ കെട്ടിയ കാളയെപ്പോലെ) |
| സ്നേഹം ഹൃദയത്തെ വലുതാക്കുന്നു. | പ്രേമം ഹൃദയത്തെ ചെറുതാക്കുന്നു. (ഞാനും ആ വ്യക്തിയും മാത്രം) |

| | |
|---|---|
| സ്നേഹം ഹൃദയത്തെ നിർമ്മലമാക്കുന്നു. | പ്രേമം ഹൃദയത്തെ മലിനമാക്കുന്നു. |
| സ്നേഹം സ്വർഗ്ഗത്തിലേക്കുള്ള വഴി. | പ്രേമം നരകത്തിലേക്കുള്ള സാധ്യത കൂട്ടുന്നു. |
| സ്നേഹം ആന്തരിക സൗന്ദര്യം കണ്ടാണ്. | പ്രേമം ശാരീരിക സൗന്ദര്യവും ചില പ്രത്യേക കഴിവും കണ്ടിട്ടാണ്. |
| സ്നേഹം വിവാഹശേഷം കൂടുതൽ വിശ്വാസം, സന്തോഷം, നൽകുന്നു. | പ്രേമം  വിവാഹശേഷം ചിലപ്പോൾ സംശയം, ദുഃഖം, അകൽച്ച, മടുപ്പ്, നൽകുന്നു. (വിവാഹത്തിന് മുൻപ് എല്ലാം നൽകി തീർന്നു. വിവാഹത്തിനുശേഷം ഒന്നും നൽകാനില്ല.) |
| സ്നേഹം പരിശുദ്ധമാണ്. (പരിശുദ്ധിയിൽ  തുടങ്ങുന്ന ബന്ധങ്ങൾ പാറമേൽ വീടു പണിയുന്നപോലെ.) | പ്രേമം പാപമാണ്. (പാപത്തിൽ ആരംഭിക്കുന്ന ബന്ധം ശാശ്വതമാവില്ല.) |
| മണലിൽ പണിത ഭവനം പോലെ സ്നേഹം അടുത്ത തലമുറയെ വിശുദ്ധിയിൽ വളർത്തുന്നു. | പ്രേമം അടുത്ത തലമുറയെ അശുദ്ധിയിൽ വളർത്തുന്നു. (പ്രേമവിവാഹത്തിലൂടെ ഉണ്ടാകുന്ന മക്കൾ പ്രേമത്തിലേക്ക് വീഴാൻ സാധ്യതയേറുന്നു. അവരെ തിരുത്താൻ മാതാപിതാക്കൾക്ക് സാധിക്കാതെ വരുന്നു.) |
| സ്നേഹം കുടുംബത്തിന് സന്തോഷം നൽകുന്നു | പ്രേമം കുടുംബത്തിന്റെ ഹൃദയത്തെ മുറിക്കുന്നു. കുടുംബാംഗങ്ങളിൽ അസ്വസ്ഥതയും അസമാധാനവും വിതയ്ക്കുന്നു. |
| സ്നേഹം ഉത്തരവാദിത്വങ്ങൾ വിശ്വസ്തതയോടെ ചെയ്യാൻ പ്രചോദനം നൽകുന്നു. | പ്രേമം ഉത്തരവാദിത്വബോധം നഷ്ടപ്പെടുത്തുന്നു. (പഠനം, ലക്ഷ്യബോധം, ജോലി... ഇവയിലുള്ള ശ്രദ്ധയെ നശിപ്പിക്കുന്നു.) |
| സ്നേഹം ഹൃദയാനന്ദമാണ്. | പ്രേമം ഹൃദയവ്യഥയാണ്. |

ദൈവം അനുവദിച്ച്, അനുഗ്രഹിച്ച്, മാതാപിതാക്കൾ ആലോചിച്ച് നടത്തുന്ന വിവാഹത്തിൽ പ്രശ്നങ്ങളില്ലേ....? ആ പ്രശ്നങ്ങൾ ദൈവം തരുന്നതല്ല. മറിച്ച് ദൈവഹിതമോ ദൈവവചനമോ ഇല്ലാതെ ദാമ്പത്യം മുന്നോട്ട് കൊണ്ടുപോകുന്നതുകൊണ്ടാണ്. കൂടാതെ സ്വന്തം സ്വാർത്ഥതയും പാപവും ദാമ്പത്യത്തെ തകർക്കാം. ഒരു കാര്യം മനസ്സിലാക്കുക. കർത്താവ് യോജിപ്പിക്കുന്നുണ്ടെങ്കിൽ അതിൽ പ്രത്യേക പദ്ധതി ഉണ്ടാകും. ആ പദ്ധതി തിരിച്ചറിഞ്ഞ് ജീവിച്ചാൽ ദാമ്പത്യം തകരുകയില്ല. 1 കോറി 7:13 ൽ പറയുന്നു. "അവിശ്വാസിയായ ഭർത്താവ് ഭാര്യ മുഖേനയും അവിശ്വാസിയായ ഭാര്യ ഭർത്താവ് മുഖേനയും വിശുദ്ധീകരിക്കപ്പെടുന്നു." ദൈവവചനംപാലിച്ചാൽ അറേഞ്ച്ഡ് മാര്യേജ് ഒരിക്കലും തകരില്ല. ഇന്ന് ലോകം പ്രേമത്തെയും സ്നേഹത്തെയും ഒന്നായി കാണുന്നു. അതു ശരിയല്ല, ലോകത്തിന് വചനം അറിയില്ല. ഈശോ പറഞ്ഞു: വിശുദ്ധ വചനങ്ങളോ ദൈവത്തിന്റെ ശക്തിയോ അറിയാത്തതുകൊണ്ടല്ലേ നിങ്ങൾക്കു തെറ്റു പറ്റുന്നത്? (മാർക്കോ. 12:24)

## പ്രേമത്തെക്കുറിച്ച് വി. ബൈബിളിൽ എന്തു പറയുന്നു?

ഉത്തമഗീതം 8:6-ൽ പറയുന്നു: "പ്രേമം മരണത്തെപ്പോലെ ശക്തമാണ്".
(റോമ 6/22)-ൽ പറയുന്നു: 'പാപത്തിന്റെ വേതനം മരണമത്രേ."
ഉത്തമഗീതം 8:4-ൽ പറയുന്നു: "ജറുസലേം പുത്രിമാരെ ഞാൻ കെഞ്ചുന്നു.
സമയമാകും  മുമ്പേ നിങ്ങൾ പ്രേമത്തെ തട്ടിയുണർത്തരുതേ. ഇളക്കിവിടരുതേ". വിവാഹം കഴിഞ്ഞ് ഉണരേണ്ട സ്നേഹം
വിവാഹത്തിനു മുമ്പേ പ്രേമമായി ഇളക്കിവിടരുത്. തട്ടിയുണർത്തരുത്.
പ്രഭാഷകൻ 25:21-ൽ പറയുന്നു : "സ്ത്രീയുടെ സൗന്ദര്യത്തിൽ കുടുങ്ങിപോകരുത്."
പ്രഭാഷകൻ 42:12-ൽ പറയുന്നു: "ആരുടെയും ആകാരഭംഗി നോക്കിയിരിക്കരുത്.
പുരുഷൻ സ്ത്രീയുടെ സൗന്ദര്യവും ആകാരഭംഗിയും നോക്കിയിരിക്കുമ്പോഴാണ് പ്രേമമെന്ന മോഹപാപം ഹൃദയത്തിൽ
ഗർഭം ധരിക്കുന്നത്.
സുഭാഷിതങ്ങൾ 6:5-ൽ പറയുന്നു: "അവളുടെ സൗന്ദര്യം നീ മോഹിക്കരുത്.
കടാക്ഷവിക്ഷേപം കൊണ്ട് നിന്നെ പിടിയിലമർത്താൻ അവളെ അനുവദിക്കുയുമരുത്."

പുരുഷന്റെ/സ്ത്രീയുടെ സൗന്ദര്യം മോഹിക്കാൻ പോലും പാടില്ല എന്ന് തിരുവചനം പറയുമ്പോൾ പിന്നെ

എങ്ങനെ സ്വന്തമാക്കും. അന്യന്റെ മകനെയോ മകളെയോ/ ഭാര്യയെയോ മോഹിക്കാൻ പോലും പാടില്ല എന്ന് തിരുവചനം പറയുമ്പോൾ പിന്നെ എങ്ങനെ സ്വന്തമാക്കും. ജോബ് 31:1-ൽ പറയുന്നു."ഞാൻ എന്റെ കണ്ണുമായി ഒരു ഉടമ്പടി ചെയ്തിട്ടുണ്ട്. അപ്പോൾ ഞാൻ എങ്ങനെ ഒരു കന്യകയെ നോക്കും. തെറ്റായ ചിന്തയോടെ സ്ത്രീയോ/ പുരുഷനോ നോക്കുന്നത് പോലും പാപമാണെന്ന് വചനം പറയുന്നു. യേശു പറഞ്ഞു."ആസക്തിയോടെ സ്ത്രീയെ/ പുരുഷനെ നോക്കുന്നവൻ ഹൃദയത്തിൽ അവനുമായി / അവളുമായി വ്യഭിചാരം ചെയ്തു കഴിഞ്ഞു." (മത്താ. 5:27).

പ്രഭാഷകൻ 9:5-ൽ പറയുന്നു: "കന്യകയുടെ മേൽ കണ്ണു വയ്ക്കരുത്. നീ കാലിടറി വീഴും. പരിഹാരം ചെയ്യേണ്ടി വരും..... പ്രഭാഷകൻ 9:7-ൽ പറയുന്നു: നഗരവീഥികളിൽ അങ്ങുമിങ്ങും നോക്കി നടക്കരുത്. ആളൊഴിഞ്ഞ കോണിൽ അലയരുത്. രൂപവതിയിൽ കണ്ണു പതിയരുത്." പ്രഭാഷകൻ 9:8-ൽ പറയുന്നു."മറ്റൊരുവന് സ്വന്തമായ സൗന്ദര്യത്തെ അഭിലഷിക്കരുത്. സ്ത്രീ സൗന്ദര്യം അനേകരെ വഴിതെറ്റിച്ചിട്ടുണ്ട്."

സ്ത്രീയെയും/ പുരുഷനെയും തെറ്റായ ചിന്തയോടെ നോക്കുന്നതും മോഹിക്കുന്നതും വലിയ പാപമാണെന്ന് ഈശോ പഠിപ്പിക്കുമ്പോൾ പ്രേമബന്ധത്തിലൂടെ സ്വന്തമാക്കാൻ ശ്രമിക്കുന്നതും സ്വന്തമാക്കുന്നതും എത്രയോ വലിയ പാപമാണ്." ഏശയ്യ 30:1-ൽ പറയുന്നു: "എന്റേതല്ലാത്ത പദ്ധതികൾ നടപ്പിലാക്കുകയും എനിക്ക് അഹിതമായ സഖ്യം ഉണ്ടാക്കുകയും ചെയ്ത് പാപം കുന്നുകൂട്ടുന്ന അനുസരണമില്ലാത്ത സന്തതികൾക്ക് ദുരിതം."

അറിയുക
പ്രേമബന്ധങ്ങളിലൂടെ - ദൈവത്തിന്റെ പദ്ധതികൾക്ക് വിരുദ്ധമായി നിങ്ങൾ പ്രവർത്തിക്കുന്നു.
പ്രേമബന്ധങ്ങളിലൂടെ - സ്വന്തം ജീവിതത്തിന്റെ ദിശാബോധം നഷ്ടപ്പെടുത്തി നിങ്ങൾ വഴി തെറ്റുന്നു.
പ്രേമബന്ധങ്ങളിലൂടെ - ക്രിസ്തു രക്തം ചിന്തി വീണ്ടെടുത്ത ക്രിസ്തുവിന്റെ മക്കളെ പ്രേമത്തിലൂടെ നശിപ്പിക്കുന്നു.

മാതാപിതാക്കൾ കഷ്ടപ്പെട്ടു വളർത്തിയ അവരുടെ മക്കളെ നിന്റെ പ്രേമം കൊണ്ട് നശിപ്പിക്കരുത്. മാതാപിതാക്കളെ വേദനിപ്പിക്കരുത്. യേശു പറഞ്ഞു: "ഈ ചെറിയവരിൽ ഒരുവനു (പ്രേമത്തിന്റെ) ദുഷ്പ്രേരണ നൽകുന്നതിനേക്കാൾ നല്ലത് കഴുത്തിൽ ഒരു വലിയ തിരിക്കല്ലു കെട്ടി കടലിന്റെ ആഴത്തിൽ താഴ്ത്തപ്പെടുകയായിരിക്കും" (മത്താ. 18:6). യേശു പറഞ്ഞു."പ്രലോഭനഹേതുവാകുന്നവനു ദുരിതം. നിന്റെ കൈയ്യോ കാലോ നിനക്കു പാപഹേതുവാകുന്നുവെങ്കിൽ അത് വെട്ടി എറിഞ്ഞു കളയുക." (മത്താ. 18/8). ഒരിക്കലും ആരുടെയും പ്രലോഭനത്തിന് വഴങ്ങരുത്. ഒരിക്കലും ആർക്കും പ്രലോഭനത്തിന് കാരണമാകരുത്.

1 തെസ 4:3-8 ലൂടെ തിരുവചനം പറയുന്നു: "നിങ്ങളോരോരുത്തരും സ്വന്തം ശരീരത്തെ വിശുദ്ധിയിലും മാന്യതയും കാത്തു സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് അറിയണം. ദൈവത്തെ അറിയാത്ത വിജാതീയരെപ്പോലെ കാമവികാരങ്ങൾക്കു നിങ്ങൾ വിധേയരാകരുത്. ഈ വിഷയത്തിൽ നിങ്ങൾ വഴി പിഴക്കുകയോ സഹോദരനെ വഞ്ചിക്കുകയോ അരുത്". ഇക്കാര്യങ്ങളിലെല്ലാം പ്രതികാരം ചെയ്യുന്നവനാണ് കർത്താവ്. അശുദ്ധിയിലേക്കല്ല വിശുദ്ധിയിലേക്കാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. ഇക്കാര്യങ്ങൾ അവഗണിക്കുന്നവർ മനുഷ്യനെയല്ല, പരിശുദ്ധാത്മാവിനെ നിങ്ങൾക്കു നൽകുന്ന ദൈവത്തെയാണ് അവഗണിച്ചിരിക്കുന്നത്."